# കേരള സർവകലാശാല

*"Re-accredited by NAAC with A++ Grade"*

**നോട്ടിഫിക്കേഷൻ**

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ 2025-26 അധ്യയന വർഷത്തെ FYUGP പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

രജിസ്ട്രേഷൻ പ്രക്രിയയിലേക്ക് കടക്കുന്നതിന് മുൻപായി വിദ്യാർത്ഥികൾ അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമായ FYUGP പ്രോസ്പെക്ടസ് ശ്രദ്ധാപൂർവ്വം പരിശോധിക്കേണ്ടതാണ്.

**രജിസ്ട്രേഷൻ : ഓൺലൈൻ മാത്രം** (https://admissions.keralauniversity.ac.in/fyugp2025 )

**രജിസ്ട്രേഷൻ ഫീസ് (ഓൺലൈൻ മാത്രം )**

- എസ് സി / എസ് ടി : 500 രൂപ
- മറ്റുള്ളവർ : 900 രൂപ

| അഡ്മിഷൻ ഷെഡ്യൂൾ 2025-26 | |
|---|---|
| രജിസ്ട്രേഷൻ (കമ്മ്യൂണിറ്റി ക്വോട്ട ഉൾപ്പെടെ) | 26.05.2025 |
| രജിസ്ട്രേഷൻ അവസാന തീയതി | 15.06.2025 |
| ട്രയൽ അലോട്ട്മെന്റ് | 16.06.2025 |
| തിരുത്തലുകൾക്കുള്ള അവസരം | 17.06.2025 വരെ |
| ആദ്യ അലോട്ട്മെന്റ് | 18.06.2025 |
| കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ എടുക്കേണ്ട തീയതി | 19.06.2025, 20.06.2025, 21.06.2025, 23.06.2025 |
| രണ്ടാം അലോട്ട്മെന്റ് | 25.06.2025 |
| കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ എടുക്കേണ്ട തീയതി | 26.06.2025, 27.06.2025, 28.06.2025 30.06.2025 |
| ക്ലാസുകൾ ആരംഭിക്കുന്നത് | 01.07.2025 മുതൽ |

- ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ 17.06.2025 വരെ പ്രൊഫൈലിൽ മാറ്റങ്ങൾ വരുത്താവുന്നതാണ്

- ആദ്യ അലോട്ട്മെന്റ് ലഭിക്കുന്നവർ നിശ്ചിത സമയത്തിനുള്ളിൽ തന്നെ സർവകലാശാല ഫീസ്, പ്രൊഫൈൽ വഴി ഓൺലൈനായി ഒടുക്കി അലോട്ട്മെന്റ് മെമോ ഡൌൺലോഡ് ചെയ്ത് അതിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ കോളേജിൽ ഹാജരായി താത്കാലിക / സ്ഥിര അഡ്മിഷൻ നേടേണ്ടതാണ്

- അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിലെ നിശ്ചിത സമയത്തിനുള്ളിൽ കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കാത്ത പക്ഷം രണ്ടാം അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല

- ഓൺലൈൻ ആപ്ലിക്കേഷനിൽ അവകാശപ്പെട്ടിരുന്ന എല്ലാ ക്ലെയിമുകളും തെളിയിക്കുന്നതിലേക്കായുള്ള അസ്സൽ രേഖകൾ അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

- പ്രവേശന സമയത്ത് ഓൺലൈൻ അപേക്ഷാ ഫോമിൽ പരാമർശിക്കാത്ത ക്ലെയിമുകൾ, ആയത് തെളിയിക്കുന്നതിലേക്കായുള്ള രേഖകൾ ഹാജരാക്കിയാൽ പോലും ഈ ഘട്ടത്തിൽ പരിഗണിക്കുന്നതല്ല.

- ഇന്ത്യൻ സിറ്റിസൺ ആയിട്ടുള്ള വിദ്യാർഥികൾ മാത്രമേ ഈ ഏകജാലക സംവിധാനം വഴി അപേക്ഷിക്കാൻ പാടുള്ളൂ. OCI കാർഡ് ഉള്ളവരോ വിദേശ വിദ്യാർത്ഥികളോ ഈ ഏകജാലക സംവിധാനം വഴി അപേക്ഷിക്കുവാൻ പാടുള്ളതല്ല. ഇത്തരം വിദ്യാർത്ഥികൾക്ക് സർവകലശാലയിലെ Centre for Global Academics (cga@keralauniversity.ac.in) വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്.

**യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (ഓൺലൈൻ മാത്രം)**

- എസ് സി / എസ് ടി : 1390 രൂപ
- മറ്റുള്ളവർ : 2800 രൂപ

**എൻ ഐ ഒ എസ് / മറ്റ് സംസ്ഥാന ബോർഡ് വിദ്യാർത്ഥികൾ**

- എസ് സി / എസ് ടി : 865 രൂപ
- മറ്റുള്ളവർ : 2275 രൂപ

**സംശയ നിവാരണത്തിനായി ബന്ധപ്പെടുക**

- ഇ-മെയിൽ : onlineadmission@keralauniversity.ac.in
- മൊബൈൽ : 8281883052
- വാട്സ്ആപ്പ് : 8281883052

ഒപ്പ്
**രജിസ്ട്രാർ**